# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 29 08.02.2016-ൽ മറുപടിയ്ക്ക്

## ഹരിതശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണത്തിന് ഹരിതശ്രീ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ? വിശദമാക്കുമോ? | എ) ഉണ്ട്. പ്രസ്തുത പദ്ധതി 2014-15 വർഷത്തിൽ രൂപീകരിച്ച നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മനുഷ്യന്റെ നിലനിൽപ്പിനു തന്നെ കാരണമായ അന്യാദൃശ പാരിസ്ഥിതിക ഘടകങ്ങൾ , ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിയ്ക്കാനായി , അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ താഴ്ന്ന തലം മുതൽ പൊതുജന പങ്കാളിത്തത്തോടെയും ജന പിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള പങ്കാളിത്ത പാരിസ്ഥിതിക പരിപാലന (PEAP) പദ്ധതിയ്ക്ക് സർക്കാർ അനുമതിയും , മാർഗ്ഗരേഖയും 24.05.2014 തീയതിയിലെ സർക്കാർ ഉത്തരവ് നം. 89/2014 മുഖേന പുറപ്പെടുവിച്ചിരുന്നു.<br><br>"ഒരു മനുഷ്യന് ഒരു മരം " എന്ന പേരിൽ, സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം , പ്രത്യേകിച്ച് ഒഴിഞ്ഞു കിടക്കുന്ന പൊതുസ്ഥലങ്ങൾ , പുറമ്പോക്കുകൾ , വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ ,സ്വകാര്യ കൈവശ സ്ഥലങ്ങൾ |

എന്നിവിടങ്ങളിലെല്ലാം പൊതുജന പങ്കാളിത്തത്തോടെ സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നടുവാനും , ആയത് ബന്ധപ്പെട്ട വ്യക്തികൾ പരിപാലിച്ച് വളർത്തിയെടുക്കുന്നു എന്ന് ഉറപ്പ് വരുത്തുവാനും ഉദ്ദേശിച്ചുള്ളതാണ് 'ഹരിതശ്രീ പദ്ധതി'.

2014-15 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ-5 ന് സംസ്ഥാനമൊട്ടാകെ പത്തു ലക്ഷം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ, ആർമി, നേവി, പോലീസ്, റെയിൽവേ, തപാൽവകുപ്പ് , വിവിധ വകുപ്പുകൾ എന്നിവ മുഖേനയും വിവിധ തുറകളിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടു കൂടിയും രാവിലെ 10.30 നും 11.30 നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് നട്ടു പരിപാലിച്ചു വരുന്നു.

ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്? വിശദാംശങ്ങൾ എന്തല്ലാം?

ബി) 2014-15 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് രാവിലെ 10.30 നും 11.30 നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനും , ടി തൈകൾ നഷ്ടപ്പെട്ടു പോകാതെ തുടർച്ചയായി പരിപാലി-ക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും ആയതു വഴി ടി തൈകളെല്ലാം വൃക്ഷമായി മാറി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിയ്ക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക എന്നതു കൂടാതെ വിദ്യാർത്ഥികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ,

| | | |
|---|---|---|
| | | രാഷ്ട്രീയപ്പാർട്ടികൾ, യുവജനസംഘടനകൾ, വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ-സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാ തുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാനാണ് ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | സി) 2014 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് രാവിലെ 10.30 നും 11.30 നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് സമൂഹത്തിലെ നാനാ തുറയിലുള്ള പൗരന്മാരുടെ പങ്കാളിത്ത-ത്തോടു കൂടി സംസ്ഥാന ത്തൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും , അവയെ പരിപാലിച്ച് വളർത്തുകയും ചെയ്തു വരുന്നു. ടി ഹരിത സമയത്ത് 19.55 ലക്ഷം തൈകൾ വിജയകരമായി നട്ടുപിടിപ്പി-ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ